**പതിനാലാം കേരള നിയമസഭ**

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.1738 04/12/2018-ൽ മറുപടിക്ക്

**എഞ്ചിനീയറിംഗ് വിഭാഗത്തെ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ**

| ചോദ്യം | മറുപടി |
|---|---|
| **(ശ്രീ. പി. ഉണ്ണി)** | **എ.സി. മൊയ്തീൻ**<br>(ബഹു. തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി ) |
| (എ) തദ്ദേശ സ്വയംഭരണ വകുപ്പിലെ എഞ്ചിനീയറിംഗ് വിഭാഗം ശക്തിപ്പെടുത്തുന്നതിനായി ഈ സർക്കാറിന്റെ കാലത്ത് എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദാംശം ലഭ്യമാക്കുമോ; | എ) തദ്ദേശ സ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗം ശക്തിപ്പെടുത്തുന്നതിനായി ഈ സർക്കാരിന്റെ കാലത്ത് 7 വർഷമായി മുടങ്ങിക്കിടക്കുന്ന അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികകളിലെ സ്ഥാനക്കയറ്റങ്ങൾ ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ ഇടക്കാല ഉത്തരവിന് വിധേയമായി നടത്തിയിട്ടുണ്ട്. ഡി.പി.സി (ഹയർ) കൂടി 246 ഓളം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ പ്രൊവിഷണൽ പ്രൊമോഷനുകൾ റഗുലറൈസ് ചെയ്തു. കൂടാതെ ഈ വകുപ്പിൽ വിവിധ വിഭാഗങ്ങളിലായി 146 തസ്തികകൾ സൃഷ്ടിക്കുകയും പി.എസ്.സി മുഖേന 1860 നിയമനങ്ങൾ നടത്തുകയും, ചീഫ് എഞ്ചിനീയർ മുതൽ ഹെഡ് ക്ലാർക്ക് വരെയുള്ള തസ്തികകളിൽ ആകെ 876 പേർക്ക് സ്ഥാനക്കയറ്റം നൽകി ഒഴിവുണ്ടായിരുന്ന സ്ഥലങ്ങളിൽ നിയമിച്ചിട്ടുമുണ്ട്. കൂടാത ഈ സർക്കാരിന്റെ കാലത്ത് ഒരു അഡ്മിനിസ്ട്രേറ്റീവ് ഓഫീസറെയും ഒരു ഫിനാൻസ് ഓഫീസറെയും നിയമിച്ചിട്ടുണ്ട്. |

(......2)

| | |
|---|---|
| (ബി) ഒറ്റപ്പാലം മണ്ഡലത്തിലുള്ള വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ എഞ്ചിനീയറിംഗ് വിഭാഗം ജീവനക്കാരുടെ ഒഴിവുകൾ സംബന്ധിച്ച വിശദാംശം നൽകുമോ; | (ബി) ഒറ്റപ്പാലം മണ്ഡലത്തിലുള്ള വിവിധ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിലെ എഞ്ചിനീയറിംഗ് വിഭാഗം ജീവനക്കാരുടെ ഒഴിവുകൾ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു. |

| ക്രമ നം. | തസ്തികയുടെ പേര് | സ്ഥാപനം | ഒഴിവുകളുടെ എണ്ണം |
|---|---|---|---|
| 1 | അസിസ്റ്റന്റ് എഞ്ചിനീയർ | കരിമ്പുഴ ഗ്രാമപഞ്ചായത്ത്, | 1 |
| | | ശ്രീകൃഷ്ണപുരം ബ്ലോക്ക് പഞ്ചായത്ത് | 1 |
| 2 | ഒന്നാംതരം ഓവർസിയർ | അമ്പലപ്പാറ ഗ്രാമപഞ്ചായത്ത് | 1 |
| 3 | മൂന്നാംതരം ഓവർസിയർ | കടമ്പഴിപ്പുറം ഗ്രാമപഞ്ചായത്ത് | 1 |
| | | കരിമ്പുഴ ഗ്രാമപഞ്ചായത്ത് | 1 |
| | | ശ്രീകൃഷ്ണപുരം/ പൂക്കോട്ടുകാവ് ഗ്രാമപഞ്ചായത്ത് | 1 |

| | |
|---|---|
| (സി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ലക്ഷ്യമിടുന്നതെന്ന് വ്യക്തമാക്കാമോ? | (സി) പ്രസ്തുത ഒഴിവുകൾ പി.എസ്.സി മുഖേന നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ